Who can be luckier than this mother? She's the only mother who got the Almighty as her own Son. Mary, whom Elizabeth filled with Holy Spirit would address as "the mother of my Lord", was saluted by the Angel Gabriel with a new, unprecedented name "full of grace". This name signified the reality and actualization of God's action and mission in Mary.

Yes through her obedience to God the Father, redemption entered into the world. Won't this mother, whose Son gave up His life to save us, love us as her own sons and daughters?

"All generation will call me Blessed" Mary acclaimed (Luke 1:48).

The book 'Catechism of the Catholic Church' or CCC, says, "The church's devotion to the Blessed virgin is intrinsic to Christian worship." The church rightly honours 'the blessed virgin Mary with special devotion. From the most ancient times the Blessed Virgin has been honoured with the title of 'Mother of God' to whose protection the faithful fly in all their dangers and needs…" Without doubt, and I'm totally convinced about it, this very special protection differs from adoration which is given to the incarnate Word and equally to the Father and the Holy Spirit and greatly fosters this adoration.

Please note the difference between the words 'adoration' and 'devotion', and also 'worship' and 'veneration'. Veneration means respect and reverence.

Rosary the Marian prayer is actually the meditation of the salvation history. Here, I'm praying, along with Mother Mary, to Jesus Christ. Do you think Mother Mary's function as mother of all can in any way obscure or diminish the unique mediation of Jesus Christ? No, No, No. On the contrary, it highlights the supreme power of Jesus Christ as the Saviour. "The Blessed Virgin's salutary influence on faithful flows from the superabundance of the merits of Christ, rests on His mediation, depends entirely on it and draws all its power from it," CCC says. I agree with it.

Why I'm venerating Mother Mary? It's for her obedience, faith, hope and burning charity in the Saviour's work of restoring supernatural life to souls making her our mother in the order of grace. This motherhood continues ceaselessly from the Annunciation and later beneath the cross and the intensity of His suffering. She's going to be there until the eternal fulfillment of all the elect – or the chosen people.

What's more, taken up to heaven she did not lay aside this saving office but by her manifold intercession, continues to bring us the gifts of salvation. Yes, Virgin Mary is the advocate, helper, benefactress and mediatrix of the church.

I'm sure what I've written here will bring one more blissful note to Heaven's music.

***Sheena George***
St. Mary's Unit.

# കവിതാകണങ്ങൾ

ഒരു ദിനം കൂടിയെൻ ജീവിതച്ചെപ്പിൽ നീ
അരുമയോടെ നിക്ഷേപിച്ചു
അലിവാർന്ന നാഥാ നിൻ സ്നേഹത്തിൻ മുമ്പിൽ
അഞ്ജലി കൂപ്പി ഞാൻ നിൽപൂ

ഹൃദയം നിറയ്ക്കുന്ന പുതുചൈതന്യം
നിൻമിഴി തൂകുന്ന ദാനം.
വാത്സല്യമൊഴുകുന്ന പൂപുഞ്ചിരി
ആത്മാവിലമൃത പ്രവാഹമായി ....

നിൻമുഖ ദർശനം ശാന്തി തൂകും
നിൻവചനങ്ങൾ ദീപ്തിയേകും
നിന്റെയദൃശ്യ സാമീപ്യം പോലും
ഈ ദിനം വർണ്ണസ്വന്തമാക്കും

വേപഥു തിങ്ങുന്ന ഹൃദയങ്ങളിൽ
ആശ്വാസവർഷം നീ പൊഴിക്കും
കണ്ണീർ കണങ്ങൾ നീരാവിയാകും
നന്മകൾ എങ്ങും ചിരിച്ചു നിൽക്കും.

By : **Babykutty**
*Cherupushpam Unit*





# ഓർമ്മിക്കാൻ ... ആചരിക്കാൻ ...

## ജൂലൈ 2014

3 മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനതിരുന്നാൾ
11 വി. ബനഡിക്ട്
15 വി. കുര്യാക്കോസ് വി. ജൂലിയറ്റായും
16 കർമ്മല മാതാവ്
25 വി. യാക്കോബ് ശ്ലീഹാ
കർത്താവിന്റെ എഴുപത് ശിഷ്യന്മാർ
26 വി. യോവാക്കീമും വി. അന്നായും
27 പന്ത്രണ്ടു ശ്ലഹീന്മാരുടെ തിരുനാൾ
28 വി. അൽഫോൻസാ
29 വി. മാർത്താ
31 വി. ഇഗ്നേഷ്യസ് ലയോള

## ആഗസ്റ്റ് 2014

1 നിസിബിലെ വി. യാക്കോബ്
വി. അൽഫോൻസ് ലിഗോരി
4 വി. ജോൺ മരിയ വിയനാനി
6 നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
8 മാർ അദ്ദായിയുടെ ശിഷ്യന്മാർ മാർ മാറി
വി. ഡൊമിനിക്
11 വി. ക്ലാര
14 വി. മാക്സ്മില്യൻ കോൾബേ
15 മറിയത്തിന്റെ സ്വർഗ്ഗാരോഹണം
21 വി. പത്താം പീയൂസ് മാർപാപ്പ
24 വി. ബർത്തലോമിയാ ശ്ലീഹാ
28 അഗസ്റ്റിൻ മെ
29 വാഴ്ത്തപ്പെട്ട ഏവുപ്രാസ്യാ
വി. ശ്മോനിയും ഏഴു മക്കളും.

# ദൈവദാസൻ ബിഷപ്പ് വില്യം ജക്വീൻതാ

## 'മാക്സിമലിസ'ത്തിന്റെ പ്രവാചകൻ

**ജൂലി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"വിശുദ്ധി ഒരു യാത്രയാണ്. കണ്ണുകളടച്ച് പിതാവിന്റെ കൈകളിൽ കരങ്ങൾവച്ച് വിശ്വസ്തതയോടുകൂടിയ ചുവടുവയ്പുകളിലൂടെ ലക്ഷ്യത്തിലെത്തുന്ന ഒരു യാത്ര." -ദൈവദാസൻ ബിഷപ്പ് വില്യം ജക്വീൻതാ (+GG).

**ജീവിതയാത്രയിലെ നേർവഴികൾ**

ഇറ്റലിയിലെ സിസിലിയിൽ നോത്തോ എന്ന ഗ്രാമത്തിൽനിന്നാണ് 1914 ജൂൺ 25 ന് വില്യം തന്റെ യാത്ര ആരംഭിക്കുന്നത്. ബാല്യത്തിന്റെ കുസൃതിത്തരങ്ങൾ തെല്ലൊന്നു കുറയ്ക്കുവാൻ മാതാപിതാക്കൾ വില്യമിനെ പന്ത്രണ്ടാമത്തെ വയസ്സിൽ വൈദിക സെമിനാരിയിൽ വിട്ടു പഠിപ്പിച്ചത് ഈ യാത്രയിലെ വലിയൊരു വഴിത്തിരിവായിരുന്നു. അവിടെനിന്നും ലഭിച്ച വിശ്വാസ ചൈതന്യവും ദൈവസ്നേഹപാരമ്യവും വില്യമിനെ പൗരോഹിത്യ ശുശ്രൂഷയിലേക്ക് വഴിനടത്തി. ദൈവസ്വരത്തിന് പൂർണ്ണമായും 'ഇതാ ഞാൻ' പറഞ്ഞുകൊണ്ട് റോമിലെ മൈനർ, മേജർ സെമിനാരികളിൽ പഠനം പൂർത്തിയാക്കിയ വില്യം 1939 മാർച്ച് 18 ന് വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. മാർച്ച് 19 ന് പ്രഥമദിവ്യബലിയർപ്പിച്ച അദ്ദേഹം തന്റെ പൗരോഹിത്യ യാത്രയിൽ കാനൻ നിയമത്തിലും സിവിൽ നിയമത്തിലും ഡോക്ടറേറ്റും ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഉന്നതബിരുദവും നേടിയത് പിന്നീടുള്ള വഴിയാത്രയിൽ 'കൂടുതൽ' വെളിച്ചം വീശി. 1942 മുതൽ 46 വരെ റോമിലെ 'മദോണ്ണ ദേയ് മോൻതി' എന്ന ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ജോലിചെയ്തു. 1946 ൽ റോമിലെ വികാരിയാത്തിൽ സഭാകോടതിയിൽ ശുശ്രൂഷക്കായി നിയമിക്കപ്പെട്ടു. 1949 മുതൽ റോമിലെ ലൊരേറ്റോ മാതാവിന്റെ തീർത്ഥാടന കേന്ദ്രത്തിന്റെ റെക്ടറായി ജോലിചെയ്തു. 1956 ൽ വികാരിയാത്തിൽ വൈദികരുടെ കാര്യാലയത്തിന്റെ ചുമതലയും 1961 ൽ വികാരിയാത്തിന്റെ സെക്രട്ടറിയുടെ ചുമതലയും അദ്ദേഹത്തിന് ഏല്പിക്കപ്പെട്ടു. 1968 നവംബർ 1-ാം തീയതി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട അദ്ദേഹം പിന്നീട് റോമിനടുത്തുള്ള തീവോളി രൂപതയുടെ മെത്രാനായി നിയോഗിക്കപ്പെട്ടു. 1986 ൽ അനാരോഗ്യംമൂലം രൂപതാഭരണത്തിൽനിന്നും വിരമിച്ച് റോമിൽ താൻ സ്ഥാപിച്ച 'അപ്പസ്തോലിക് ഒബ്ലേറ്റ്സി'ന്റെ ജനറലേറ്റിൽ താമസമാക്കി. 1994 ജൂൺ 15 ന് തന്റെ ഇഹലോകജീവിതം അവസാനിപ്പിച്ച് സ്വർഗ്ഗീയഭവനത്തിലേക്കു യാത്രയായി. ബിഷപ്പ് വില്യം ജക്വീൻതായുടെ നാമകരണ നടപടികൾ ഔദ്യോഗികമായി ആരംഭിച്ചുകൊണ്ടുള്ള പ്രഖ്യാപനം റോമിലെ വികാരിയാത്തിൽനിന്നും 2004 മാർച്ച് 17 ന് പുറപ്പെടുവിച്ചുകൊണ്ട് അദ്ദേഹം ദൈവദാസരുടെ ഗണത്തിലേക്ക് ചേർക്കപ്പെട്ടു.





**ആദ്ധ്യാത്മികയാത്രയിലെ 'ഉൾവിളി'**

റോമിലെ 'മദോണ്ണ ദേയ് മോൻതി' എന്ന ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അദ്ദേഹം യാത്രചെയ്ത വേളകൾ ആത്മാക്കളെ തേടിയുള്ള തന്റെ യാത്രയ്ക്ക് തുടക്കം കുറിച്ച പുണ്യനിമിഷങ്ങളായിരുന്നു. ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി വർത്തിക്കേണ്ടവനാണ് പുരോഹിതൻഎ ന്നള റച്ചബോധ്യംക ുമ്പസാരക്കൂടുകളിൽമ ണിക്കൂറുകളോളം ചെലവഴിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സ്നേഹത്തിന്റെ വിശപ്പനുഭവിക്കുന്നവർക്ക് 'അന്ന'മായും നൊമ്പരപ്പെടുന്ന ഹൃദയങ്ങളിൽ മുറിവുണക്കുന്ന തൈലമായും ആദ്ധ്യാത്മിക ശുഷ്കതയുള്ള ജീവിതനിലങ്ങളിൽ ദൈവികതയുടെ വറ്റാത്ത ഉറവയായും അദ്ദേഹം യാത്രചെയ്തു. 'നന്മ സ്വയം പ്രസരിക്കും' എന്ന സാമാന്യതത്ത്വം അദ്ദേഹത്തിന്റെ അജപാലന ശൈലിയിലും നിഴലിച്ചു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ അയൽ ഇടവകയായ 'മദോണ്ണ ദി ലൊറേത്തോ'യിലേക്കും വ്യാപിച്ചു.

ക്രൂശിതന്റെ ദാഹം ശ്രവിച്ച ഫാ. വില്യമിന് ദൈവത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹത്തിനു മുമ്പിൽ നിശബ്ദനായിരിക്കുവാൻ സാധിച്ചില്ല. തന്റെ പക്കൽ ആദ്ധ്യാത്മിക നിയന്ത്രണത്തിനായി കടന്നുവരുന്നവരിൽ വിശുദ്ധിക്കായുള്ള അടങ്ങാത്ത ദാഹം ജനിപ്പിക്കുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അങ്ങനെഅവരെ ഒരു യഥാർത്ഥ ആന്തരിക ജീവിതത്തിന്റെ ഉടമകളും വാഹകരുമാക്കിത്തീർക്കുവാൻ അദ്ദേഹം യത്നിച്ചു. അങ്ങനെ തന്റെ അജപാലനവേദി വിശുദ്ധിയുടെ വളക്കൂറുള്ള മണ്ണാക്കി അദ്ദേഹം മാറ്റി.

"വിശുദ്ധിക്ക് ഒരു മുഖം മാത്രമേയുള്ളു. അത് സ്നേഹത്തിന്റെ മുഖമാണ്. ഈ സ്നേഹത്തിലേക്കുള്ള ഇടതടവില്ലാത്ത യാത്രയാണ് വിശുദ്ധി" (+GG).

രണ്ടാം ലോകമഹായുദ്ധത്തിന്റെ തിക്തഫലങ്ങൾ കാർന്നുതിന്നുകൊണ്ടിരുന്ന - സ്നേഹത്തിൽ തീർത്തും ദരിദ്രമായിരുന്ന - ഒരു ലോകത്തിൽ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും വിത്തുകൾ എങ്ങനെവിതക്കാമെന്നത് വിശുദ്ധിയുടെ ഈ യാത്രയിൽ ഫാ. വില്യമിന്റെ മനസ്സിനെമഥിച്ചിരുന്ന ഒരു ദിവ്യാസ്വസ്ഥതയായിരുന്നു. ദിവ്യകാരുണ്യത്തിനുമുമ്പിൽ അദ്ദേഹം ചെലവഴിച്ചിരുന്ന നീണ്ട നിശബ്ദ മണിക്കൂറുകൾ ഇതിന് തെളിവായിരുന്നു.

"സ്നേഹിക്കുക എന്നത് ആരെ സ്നേഹിക്കുന്നുവോ അവനെ രക്ഷിക്കുകയാകുന്നു. അതാണ് രക്ഷാകരസ്നേഹം" (+GG). അനന്തതയോളമെത്തുന്ന ദൈവത്തിന്റെ പരിശുദ്ധിയുടെ 'മുമ്പിൽനിന്ന' ഈ ദാസനെ അവിടുന്ന് തന്റെ രക്ഷണീയകർമ്മത്തിൽ പങ്കുചേർക്കുകയായിരുന്നു. "എല്ലാവരും വിശുദ്ധർ; എല്ലാവരും സഹോദരർ" എന്ന ആപ്തവാക്യത്തിലൂടെ "എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു" എന്ന ദൈവേഷ്ടം പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ദൈവം കണ്ടെത്തിയ ഉത്തരവും ഈ ലോകത്തിന്റെ പ്രശ്നത്തിനുള്ള മറുപടിയുമായിരുന്നു വിശുദ്ധിയുടെ ഈ പ്രവാചകൻ. 'വിശുദ്ധിയിലേക്കുള്ള സാർവത്രികവിളി' അടിസ്ഥാന പ്രമാണമായി സ്വീകരിച്ചുകൊണ്ട് തന്റെ ആദ്ധ്യാത്മികതനയരിലൂടെ 1947 ൽ അദ്ദേഹം രൂപംകൊടുത്ത പ്രസ്ഥാനമാണ് 'പ്രോസാങ്ടിറ്റി മൂവ്മെന്റ്' അഥവാ 'സ്നേഹവിപ്ലവപ്രസ്ഥാനം'. 'സ്വയം വിശുദ്ധി നേടുക, മറ്റുള്ളവരെ വിശുദ്ധിയിലേക്ക് നയിക്കുക' എന്നതാണ് ഇതിന്റെ ലക്ഷ്യം. വിശുദ്ധിയുടെ ഈ പ്രവാചകശബ്ദം തിരുസഭയുടെ ആഗോ

ഉചരിത്രത്തിൽ സുവർണ്ണലിപിയിൽ ആലേഖനം ചെയ്യപ്പെട്ട രണ്ടാം വത്തിക്കാൻ കൗൺസിലിലെ ചർച്ചകളിൽ ചിന്താതരംഗമുയർത്തി. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളിലെ തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ അഞ്ചാം അദ്ധ്യായം മുഴുവനും തന്നെ വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയുടെ പ്രാധാന്യം എടുത്തുകാട്ടുന്നതാണ്. 'തിരുസഭയിൽ എല്ലാവരും -ഭരിക്കുന്നവരും ഭരണീയരും-വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു' (LG 39). സഭാംഗങ്ങളുടെ മാത്രമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ അടിസ്ഥാനപരമായ വിളിയായിത്തന്നെ അദ്ദേഹം വിശുദ്ധിയെ കണ്ടു. മിശിഹായിൽ ദൈവം ആവിഷ്കരിച്ച മനുഷ്യകുലത്തിന്റെ രക്ഷാകരപദ്ധതിയായി വിശുദ്ധിയെ കാണുവാനും ആ പദ്ധതി സാക്ഷാത്കരിക്കുന്നതിനുള്ള പ്രത്യേക വിളി ലഭിച്ചവരുടെ സമൂഹമായി സഭയെ കാണുവാനും അദ്ദേഹം ആഹ്വാനംചെയ്തു. പിന്നീട് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതു സഭയുടെ ഔദ്യോഗിക പ്രബോധനമായി സ്വീകരിച്ചു. 'മിശിഹായുടെ അനുഗാമികൾ അവരുടെ പ്രവൃത്തികളാലല്ല, മറിച്ച്, അവിടുത്തെ പദ്ധതിയും കൃപയുമനുസരിച്ച് വിളിക്കപ്പെടുകയും ഈശോകർത്താവിൽ നീതിമത്കരിക്കപ്പെടുകയും വിശ്വാസത്തിന്റെ മാമ്മോദീസായിൽ യഥാർത്ഥത്തിൽ ദൈവമക്കളും ദൈവസ്വഭാവത്തിന്റെ പങ്കാളികളും അതിനാൽത്തന്നെ സത്യമായും വിശുദ്ധരുമായിത്തീരുന്നു. ദൈവം നല്കിയതും തങ്ങൾ സ്വീകരിച്ചതുമായ വിശുദ്ധീകരണം ജീവിതത്തിൽ മുറുകെപ്പിടിക്കാനും പൂർണ്ണമാക്കാനും അവർ കടപ്പെട്ടിരിക്കുന്നു' (LG 40).

**'മാക്സിമലിസ'ത്തിന്റെ ആദ്ധ്യാത്മികത**

"ഞാൻ ഒരു വിശുദ്ധനാകണം. കാരണം, ദൈവത്തിന് എന്നോടുള്ള അനന്തമായ സ്നേഹത്തിന് അനന്തമായ രീതിയിൽത്തന്നെ ഞാൻ പ്രത്യുത്തരം നല്കേണ്ടിയിരിക്കുന്നു" (+GG).

ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന് അനന്തമായ രീതിയിൽത്തന്നെ മനുഷ്യൻ കൊടുക്കേണ്ട പ്രത്യുത്തരമാണ് വിശുദ്ധിയെങ്കിൽ ദൈവത്തിന്റെ ഈ അനന്തസ്നേഹം മനസ്സിലാക്കുവാൻ പരിമിതനായ മനുഷ്യന് സാധിക്കാത്തതിനാൽ ജക്വീൻതാ പിതാവ് അതിനെ'മാക്സിമലിസം' അഥവാ 'പരമാവധിസ്നേഹം' എന്നു വിശേഷിപ്പിച്ചു. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെനല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). പിതാവായ ദൈവം തനിക്കു നല്കാവുന്ന ഏറ്റവും വലിയ സമ്മാനമായി തന്റെ ഏകജാതനെത്തന്നെ നല്കി നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തി. പുത്രനും തനിക്കു നല്കാവുന്നതു മുഴുവനും നല്കിക്കൊണ്ട് ഈ സ്നേഹം പ്രകടമാക്കി. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13). ഇതാണ് 'മാക്സിമലിസം'. 'പരമാവധി'യുടെ ഈ സുവിശേഷാത്മക സന്ദേശം തന്നെയാണ് സ്നേഹത്തിന്റെ പൂർണ്ണതയായ വിശുദ്ധിയുടെ സന്ദേശവും.

**യാത്രയിലെ അനന്യത**

"ഈശോയെപ്പോലെ നാമും ദൈവത്തിന്റെ സന്ദേശവാഹകരും പ്രവാചകരുമായിരിക്കണം; വാക്കുകൾക്കൊണ്ടല്ല, ജീവിതംകൊണ്ടുതന്നെ" (+GG).





വിശുദ്ധിയുടെ യാത്ര ഇടുങ്ങിയ വഴിയിലൂടെയെങ്കിലും ജക്വീൻതാ പിതാവിന്റെ ഹൃദയ വിശാലതയും ഉദാരമനസ്സും ആ വ്യക്തിത്വത്തിന്റെ സവിശേഷതകളായിരുന്നു. മനുഷ്യമക്കളുടെ വിശുദ്ധിക്കായുള്ള അദമ്യമായ ദാഹം വിശുദ്ധിയുടെ ഈ പ്രവാചകന് ഉണ്ടായിരുന്നുവെന്നത് വാസ്തവം. 'മാക്സിമലിസ'ത്തിന്റെ ഈ ശൈലി ജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും -വ്യക്തിപരം, കുടുംബപരം, തൊഴിൽപരം, സാമൂഹ്യപരം- കടന്നുചെല്ലണമെന്ന് അദ്ദേഹം മനസ്സിലാക്കി. "ഇതാണ് ദൈവതിരുമനസ്സ്. നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3). ജക്വീൻതാപിതാവ് തന്റെ ജീവിത വഴികളിലൂടെ ദൈവേഷ്ടത്തെ സുതാര്യമാക്കി. ആഴമേറിയ ദൈവസ്നേഹം, ഉദാരമായ പരസ്നേഹം, അപാരമായ ക്ഷമ, ഉന്നതമായ എളിമ, തീക്ഷ്ണതയേറിയ അർപ്പണം ഇവയുടെയൊക്കെ ആൾരൂപമായിരുന്നു അദ്ദേഹം. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ശുഭാപ്തിവിശ്വാസം അപരനിലെ നന്മയുടെയും കഴിവിന്റെയും സാധ്യതയെ തൊട്ടറിഞ്ഞ് അവനെചക്രവാളസീമവരെ ഉയർത്തുവാൻ പോന്നതായിരുന്നു. ഈശോയുടെ കാലടികളെ പിഞ്ചെന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ പൗരോഹിത്യയാത്ര ആദ്യന്ത്യം വിശ്വസ്തവും അച്ചടക്കപൂർണ്ണവുമായിരുന്നു. തിരുസഭയോടുള്ള സമ്പൂർണ്ണ വിധേയത്വം അദ്ദേഹത്തിന്റെ സഭാസ്നേഹത്തിന്റെ മാറ്റുരയ്ക്കുന്നു. "തിരുസഭയ്ക്ക് പുറത്തുനിന്നു നീതിമാനാകുന്നതിനെക്കാൾ നല്ലത് തിരുസഭയോടുകൂടി തെറ്റുപറ്റുകയാണ്" എന്ന താതമൊഴി അദ്ദേഹത്തിലെ സഭാസ്നേഹിയെ അനാവൃതമാക്കുന്നു. യാമപ്രാർത്ഥനകളിൽ കരംവച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ജീവിതയാത്രയിലെ അന്ത്യനിമിഷങ്ങൾ വിസ്മരിക്കാവതല്ല.

ധ്യാനാത്മകതയും കർമ്മോത്സുകതയും ജീവിതത്തിൽ കോർത്തിണക്കിയ ജക്വീൻതാ പിതാവ് ആഴമേറിയ പ്രാർത്ഥനയുടെയും താപസികതയുടെയും മൂർത്തീഭാവമായിരുന്നു. "വിശുദ്ധിയിലേക്കുള്ള തീർത്ഥാടനയാത്രയിൽ നമ്മെ പ്രകാശിപ്പിക്കുന്ന വെളിച്ചമാണ്പ രി.ക ുർബാനയെന്നത്അ ദ്ദേഹത്തിന്റെ ജീവിതത്തിൽ വെറും വാക്കായിരുന്നില്ല; മറിച്ച്, ജീവിതംതന്നെയായിരുന്നു. ഈശോയെപ്പോലെ ഈ പുണ്യാത്മാവും സഹനത്തിലൂടെ അനുസരണം അഭ്യസിച്ചുപോന്നു. ഇതിൽനിന്നും അദ്ദേഹത്തിൽ ഉളവാകുന്ന ശാന്തത തന്റെ പക്കലണയുന്ന അസ്വസ്ഥ മാനസങ്ങൾക്ക് ഒരു കുളിർതെന്നലായിരുന്നു. എല്ലാവരും വിശുദ്ധരും സഹോദരങ്ങളുമാകുന്ന ഒരു നവലോകത്തെ -സ്നേഹസംസ്കാരത്തെ- അദ്ദേഹം സ്വപ്നംകണ്ടു. ആന്തരികജീവിതത്തിന്റെ വക്താവായിരുന്ന അദ്ദേഹത്തിന്റെ പഠനങ്ങളും വാക്കുകളും ലിഖിതങ്ങളുമെല്ലാം തന്റെ ആദ്ധ്യാത്മിക യാത്രയെ പ്രതിഫലിപ്പിക്കുന്ന ഒരു ദർപ്പണമായിരുന്നു. അദ്ദേഹത്തിന്റെ ഈ യാത്രയിൽ 'മാക്സിമലിസം കുടുംബ'ത്തിന്റെ അഥവാ 'പരമാവധിയുടെ പ്രേഷിതകുടുംബ'ത്തിന്റെ പിറവി ഒരു നിയോഗവും അതിലുപരി ദൈവപിതാവിന്റെ ഒരു നിശ്ചയവുമായിരുന്നുവെന്നത് നിസ്തർക്കമായ ഒരു വസ്തുതയാണ്.

**'മാക്സിമലിസം' കുടുംബം**

"നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48). വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയുടെ പ്രേഷിതത്വം പ്രാവർത്തികമാക്കുവാനായി വില്യം

ജക്വീൻതാപിതാവ് സ്ഥാപിച്ച മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും പൊതുവായ പേരാണ് വിശുദ്ധിയുടെ അഥവാ പരമാവധിയുടെ (മാക്സിമലിസം) പ്രേഷിത കുടുംബം. താൻ സ്ഥാപിച്ച പ്രോസാങ്ടിറ്റി മൂവ്മെന്റിലൂടെ സമർപ്പിതരായ സ്ത്രീകൾക്കുവേണ്ടി 1950 ൽ അദ്ദേഹം രൂപം കൊടുത്ത 'അപ്പസ്തോലിക് ഒബ്ലേറ്റ്സ്' സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടാണ് ഇതിൽ ആദ്യത്തേത്. 'സ്നേഹവിപ്ലവ പ്രസ്ഥാന'ത്തിലൂടെ (Pro Sanctity Movement) വിശുദ്ധിയിലേക്കുള്ള സാർവത്രി കവിളിയുടെ സന്ദേശം സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും എല്ലാവരിലും എത്തിക്കുക എന്നതാണ് ഈ സമർപ്പിത സമൂഹത്തിന്റെ പ്രേഷിതലക്ഷ്യം. 'കോ-ഓപ്പറേറ്റീവ്സ്' എന്ന പേരിൽ കുടുംബജീവിതം നയിക്കുന്ന സ്ത്രീക ളുടെ ഒരു സമൂഹവും ഒബ്ലേറ്റ്സിനോടുചേർന്ന് കുടുംബ വിശുദ്ധീകരണത്തി നായി യത്നിക്കുന്നു. വിശുദ്ധിയുടെ പ്രേഷിതത്വം സംജാതമാക്കുന്നതിൽ പുരോഹിതരുടെ പ്രാധാന്യം മനസ്സിലാക്കി ഇടവക വൈദികർക്കുവേണ്ടി 1963 ൽ അദ്ദേഹം സ്ഥാപിച്ച സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടാണ് 'അപ്പസ്തോലിക് സോദാ ലെസ്'. ഇതു പൗരോഹിത്യവും പരി. കുർബാനയും ജന്മംകൊണ്ട 'സെനക്കി ൾ' അനുഭവത്തിൽ ഊന്നിനില്ക്കുന്ന ആദ്ധ്യാത്മികത ജീവിക്കുവാൻ വൈദി കരെ സഹായിക്കുന്നു. വിശുദ്ധി സമൂഹത്തിൽ എല്ലാ തലങ്ങളിലും ജീവിക്കേ ണ്ട ഒന്നാണ് എന്ന ചിന്തയിൽ വിവാഹിതരോ അവിവാഹിതരോ ആയ പുരുഷ ന്മാർക്കുവേണ്ടി 'സോഷ്യൽ ആനിമേറ്റേഴ്സ്' എന്ന ഇൻസ്റ്റിറ്റ്യൂട്ടിന് 1968 ൽ അദ്ദേഹം ജന്മം കൊടുത്തു. സാമൂഹ്യ ആദ്ധ്യാത്മികതയും സാഹോദര്യവും വളർത്തുന്ന 'സോഷ്യൽ ഫ്രട്ടേർണിറ്റി' എന്ന പ്രസ്ഥാനമാണ് ഇവരുടെ പ്രേഷി തതലം. ഈ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥാപക പിതാവിന്റെ ചൈതന്യം പോലെ തന്നെ സഭയോടുള്ള സ്നേഹത്താലും വിശ്വസ്തതയാലും മുദ്രിത മാണ്.

**വിശുദ്ധിയുടെ യാത്ര: പരമാവധിസ്നേഹത്തിലൂടെ**

"ഏതു ജീവിതാവസ്ഥയിലും അന്തസ്സിലുമുള്ളവരായാലും ക്രിസ്തീയ വിശ്വാസികൾ ക്രിസ്തീയജീവിതത്തിന്റെ പൂർണ്ണതയിലേക്കും സ്നേഹത്തി ന്റെ തികവിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു" (LG 40). ലോകസ്ഥാപനത്തിനു മുമ്പേ മിശിഹായിൽ നമ്മെ തിരഞ്ഞെടുത്ത ദൈവപിതാവിന്റെ പദ്ധതിയാണി ത്. "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ മിശിഹായിൽ തിര ഞ്ഞെടുത്തു" (എഫേ 1,3). അതുകൊണ്ട് ക്രൈസ്തവ ആദ്ധ്യാത്മികത അവശ്യം വിശുദ്ധിയുടെ ആദ്ധ്യാത്മികതയാണ്. "അനുദിനജീവിതത്തിലെ നിസ്സാര കാര്യങ്ങളിൽപോലും വിശ്വസ്തരായിരുന്നു മാത്രമേ വിശുദ്ധി കൈവ രിക്കുവാൻ സാധിക്കൂ" എന്ന ജക്വീൻതാപിതാവിന്റെ വാക്കുകൾ അനുദിനജീ വിത വിശുദ്ധിയിലേക്കു വിരൽചൂണ്ടുമ്പോൾ ഓരോ മനുഷ്യന്റെയും മനോമു കുരത്തിലുയരുന്ന ഒരു ചോദ്യമുണ്ട്: 'വിശുദ്ധി ഇന്ന് - എനിക്ക് - സാധ്യമോ?' ഓരോ ദിവസത്തെയും വെറും സാധാരണകാര്യങ്ങൾ എത്രമാത്രം സ്നേഹ ത്തോടെ നിർവഹിക്കപ്പെടുന്നു എന്നതാണ് ഇവിടെ ചിന്തനീയം.

ഏതൊരു വസ്തുവിനെയുംപോലെ ഉപയോഗശേഷം മനുഷ്യനെയും പുറംതള്ളുന്ന ഈ അത്യാധുനിക സംസ്കാരത്തിൽ അളവുകൂടാതെ കൊടു ക്കുക, സന്തോഷത്തോടെ ദൈവത്തിനു ശുശ്രൂഷ ചെയ്യുക, ഏറ്റവും ചെറിയ





കാര്യങ്ങളിൽപോലും വിശ്വസ്തരാകുക, പുഞ്ചിരിയുടെ പ്രേഷിതരാകുക, സമയം ശരിയായി വിനിയോഗിക്കുക, അല്പമേ ചെയ്യുന്നുള്ളുവെങ്കിലും പൂർണ്ണമായി ചെയ്യുവാൻ പഠിക്കുക, മാധുര്യത്തോടെ പെരുമാറുവാൻ അറി ഞ്ഞിരിക്കുക, 'ഇന്നി'ൽ സന്തോഷിക്കുക, പ്രത്യാശയോടെ ഭാവിയെ ഉറ്റുനോ ക്കുക എന്നീ പ്രവാചക മൊഴികൾ വിശുദ്ധിയുടെ ഒരു പുത്തൻ തലമുറയെ വാർത്തെടുക്കുവാൻ പര്യാപ്തമായ ചെറിയ ചെറിയ കാര്യങ്ങളാണ്. അങ്ങനെ ദൈവദാനമായ വിശുദ്ധിക്കുവേണ്ടി അവിടുന്നു നല്കുന്ന കൃപാവരത്തോട് അനുദിനം സഹകരിക്കുവാൻ നമുക്കു സാധിക്കണം. കാരണം, വിശുദ്ധി 'ഇന്നി'ന്റെ ആവശ്യമാണ്; വിശുദ്ധിയുടെ ഈ സന്ദേശം നിനക്കു വേണ്ടിയുള്ള തുമാണ്: "നീ ആരുമാകട്ടെ - സ്ത്രീയോ പുരുഷനോ, വിവാഹിതനോ അവി വാഹിതനോ,ശ ിശുവോക ൗമാരക്കാരനോ,യ ുവാവോ, പ്രായമായവനോ, ആരോഗ്യവാനോ രോഗിയോ, ധനികനോ ദരിദ്രനോ, സമർപ്പിതനോ അല്മാ യനോ - ആരുമാകട്ടെ... ആകാശത്തിലെ താരങ്ങൾപോലെ എണ്ണമറ്റ ജീവിതാ വസ്ഥയിലായിരുന്നാലും ഓരോരുത്തർക്കും -എനിക്കും നിനക്കും- ഒരൊറ്റ ലക്ഷ്യമാണുള്ളത്: വിശുദ്ധനാകുക" (+GG).

**ജന്മശതാബ്ദിയുടെ നിറവിൽ**

"നാമെല്ലാം ഈ ഭൂമിയിലെ യാത്രക്കാരാണ് - കടന്നുപോകുന്നവരാണ്. നമ്മുടെ ഈ കടന്നുപോകലിൽ പ്രധാനമായത് സ്നേഹത്തിന്റെ പാദമുദ്ര പതി പ്പിച്ചു കടന്നുപോകുക എന്നതാണ്" (+GG).

'മാക്സിമലിസം' സ്നേഹത്തിന്റെ - വിശുദ്ധിയുടെ പ്രവാചകനായി കട ന്നുപോയ ദൈവദാസൻ ബിഷപ്പ് വില്യം ജക്വീൻതായുടെ പാദമുദ്രയാൽ വിശു ദ്ധിയുടെ പ്രേഷിതകുടുംബം ഇന്ന് ഇറ്റലി, അമേരിക്ക, ഇന്ത്യ, ബെൽജിയം, ലാത്വിയ, മാൾട്ടാ, നെതർലൻഡ് എന്നീ രാജ്യങ്ങളിലായി തങ്ങളുടെ ആദ്ധ്യാ ത്മികയാത്ര തുടരുന്നു. ലോകമാസകലമുള്ള മാക്സിമലിസം കുടുംബം ഇന്ന് സ്ഥാപകതാതന്റെ ജന്മശതാബ്ദിയുടെ നിറവിലാണ്. വിവിധ സംസ്കാരങ്ങ ളുടെ കലവറയും മതേതര രാഷ്ട്രവുമായ ആർഷ ഭാരതത്തിന്റെ പുണ്യമണ്ണും വിശുദ്ധിയുടെ ഈ പ്രവാചകന്റെ ജന്മശതാബ്ദിയാഘോഷങ്ങളുടെ സമാപന ത്തിനായി ഒരുങ്ങിയിരിക്കുന്നു. ഇന്ത്യയിൽ കോട്ടയം മാങ്ങാനം സ്പിരിച്ചാ ലിറ്റി സെന്റർ കേന്ദ്രമാക്കിയാണ് അപ്പസ്തോലിക് ഒബ്ലേറ്റ്സ് ആദ്ധ്യാത്മികന വോത്ഥാനത്തിലൂടെ തങ്ങളുടെ പ്രേഷിതത്വം നിർവഹിക്കുന്നത്. ഇവിടെ ചങ്ങ നാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി, ഇരിങ്ങാലക്കുട, തലശ്ശേരി, കല്യാൺ എന്നീ രൂപതകളിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇന്നു സേവനംചെയ്യുന്നു.

വിശുദ്ധിയുടെ ഈ തീർത്ഥാടനത്തിൽ വഴിവിളക്കായി തീർന്ന ദൈവദാ സൻ ബിഷപ്പ് വില്യം ജക്വീൻതായുടെ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് 2014 ജൂൺ 14 ന് മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് സമാപനംകുറിക്കുകയാ ണ്. പരമാവധിസ്നേഹത്തിന്റെ -വിശുദ്ധിയുടെ- ഈ യാത്ര പൂർത്തിയാക്കി കടന്നുപോയ ഈ പുണ്യാത്മാവിനെപ്പോലെ നമുക്കും ദൈവകൃപയും നല്ല മനസ്സുമാകുന്ന ചിറകുകളിൽ നമ്മുടെ 'നാളെ'യെ ഭരമേല്പിച്ചുകൊണ്ട് വിശു ദ്ധിയുടെ ഈ യാത്ര തുടരാം.

.......... A Way to Sanctity - 8



# ST. IGNATIUS OF ANTIOCH

One day Jesus' disciples came to him and asked Him “who is the greatest in the Kingdom of heaven?”Jesus called a child, made him in front of them and said, I assure you that unless you change and become like children you will never enter the Kingdom of Heaven. The greatest the Kingdom of Heaven is the one who humbles himself and becomes like this child and who ever welcomes in my name one such child as this, welcomes me. (Mt.18;1-4). That little boy, who had been called forward by Jesus, later grew up to become a Bishop and a martyr – St. Ignatius of Antioch. His birth place was Syria and he was known as 'Theophorus'. Theophorus is a Greek name that means 'one who carries Christ in Him.' It was his absolute surrender to Christ that made St. Ignatius the Bishop of Antioch. He carried out the responsibility that God had entrusted in him with great diligence. St.Ignatius, through his prayer and penance, guided his flock through the period that Christian underwent during the reign of Emperor Dominican. Emperor Dominican was succeeded by emperor Tragnet. The persecu-tion of Christian became even more severe. 'Renounce Christ or die' there was no other choice.(In his seventh epistle this is what St.Ignatius wrote to the believers in Rome. “Do not attempt to rescue me from my martyrdom. I am God's grain of wheat. Just like wheat, the cruel teeth of wild animals will crush and powder me and transform me in to Christ's holy bread. Wild animals do not attack some people. But let it not the so in my case.”) St. Ignatius was a source of strength to the Christians in Antioch during these difficult times. St. Ignatius was thrown to the lions on Dec. 20,107 A.D. He was immediately mauled to death by the Lions. On the very next day St. Iganatius, appeared in a vision to two deacons who had been with him.

“Imitate Christ just as Christ imitated his Father”-this was constant advice. Even today this is what St. Ignatius, of Antioch tells us. ***“We must imitate Christ just as Christ imitated his the Father”.***





# positive thinking

Nowadays we hear a lot about positive thinking. In newspapers you read articles to be positive in life and on television also you watch spiritual gurus giving discourses on the same subject. It is easier said than done. With all the problems the world is facing today, like economic slowdown, price rise, unemployment to name a few how can people feel happy and stay positive? I think it is left with each one of us. Problems are there in every ones life. But how you deal with it is the question. We all like to be judgemental about others. Giving advice to others has become a way of our life. But are we practicing the same advice we give freely to others? What is positive thinking? Positive thinking is a mental and emotional attitude that focuses on the bright side of life and expects positive results. A positive person anticipates happiness, health and success and believes he or she can overcome any obstacle and difficulty.

Few days back we had attended a seminar by Fr. Shibu Pulickal. Father's classes are always very interesting. One incident he gave as an example was about two students with similar names in the same class. One was naughty and the other was bright and always in the good books of teachers. On the" OPEN DAY" the naughty boy's mother came first to meet the teacher and the teacher mistook her to be the bright ones mother and told her all good things about her son. The mother could not believe her ears, but went back home and told her son what the teacher had said. The boy was equally shocked, but the transformation of the boy almost started instantly. Next day the boy went and met the teacher and thanked her and assured her that he will be a good boy in future. This is the power of talking positive about others.

Negative thoughts make your mind distracted and you donot plan properly, always anticipates failure in everything you do. Positive attitude brings in pleasant and happy feelings. Even our health gets a boost in a beneficial way. We feel confident and our body language shows the way we feel.

We can get influenced by the people we meet in one way or other. Positive people are always full of life and radiates positive energy that passes on to people around them. Negative thoughts create unhappy feelings which leads to failure, frustration and disappointment.

So let us make a start now by thinking and talking positively. Smile a little more and use positive words while interacting with others. We all have problems. Instead of cursing them and doing nothing, try to visualise favourable results and situations. It might take some time for the changes to take place but eventually they will. **"SO STAY HAPPY"**

**- Bea Thomas**

# കവിത

നെഞ്ചുരുകി പ്രാർത്ഥിക്കുമ്പോൾ
മനമുരുകി പ്രാർത്ഥിക്കുമ്പോൾ
ആശ്വാസമായ് അരുകിൽ
വാഴുന്ന എൻ ദൈവമേ.
ഓ! എന്റെ ദൈവമെ
എൻ അരികിൽ വരേണമെ.

രോഗം ദുരിതം കട ഭാരങ്ങൾ
ഏറി ഞാൻ വലഞ്ഞിടുമ്പോൾ
എന്നെ കാണുന്ന ദൈവം
എന്നെ കേൾക്കുന്ന ദൈവം
ഓ! എന്റെ ദൈവമെ
എന്നെ കരുതേണമെ.

തളർന്നു വീണിടുമ്പോൾ
കൈകളിൽ താങ്ങുന്നവൻ
കരുണാമയനാം ദൈവം
കരളലിയുന്നവൻ ദൈവം
ഓ! എന്റെ ദൈവമെ
എന്നെ താങ്ങേണമെ.

നിന്ദയും പീഢകളും
പുച്ഛം പരിഹാസവും
എന്നെ തളർത്തീടുമ്പോൾ
ആ മാറിൽ എന്നെ ചേർക്കുന്ന ദൈവം
ഓ! എന്റെ ദൈവമെ
എന്നെ ചേർക്കണമെ.

By : **Philomina Sibichan**
*St. Thomas Unit*





# WHAT IS THE BIBLE ?

Many years ago a poor farmer lost his farm because of debt. He managed to live by working for other farmers during that time. He also saved enough money to buy another small piece of land. It was piece of land that had not been farmed and it was full of weeds. But he was a confident man, a good farmer, and he felt that he could raise crops on any kind of land. When he tried to plough however, he found out why it had never been farmed - it was filled with rocks. Believing he had made a serious mistake, he was filled with despair.

One day while walking in his new field with a friend, he bent down and picked up a few stones and handed them to his friend, saying "See, no one can raise crops on this land. It is worthless ! The other man looked at the stones very intently and then said "do you know, what stone is that you have just given me ? It is a precious gem in unpolished form. You did not recognise it. This land you consider worthless may be worth far more than you think !".

When the farmer learned to identify precious stones and gems, he found that the stone field he had purchased was filled with hidden treasures - the field was covered with expensive rare stones and jewels. All he had to do was learn how to recognise them, polish them and sell them. And that he did quickly. Soon the poor farmer became a wealthy man.

The Bible you have in your hand may appear at first to be a "stony field". It is a challenging book, but it is filled with rich spiritual treasures. These spiritual treasures are truths that can bring peace, joy, power and new purpose to your life now. But far more important, these spiritual treasures are the foundation on which God can create a new life in you that will never die. This eternal life, as the Bible calls it, is of God. Yet to all who received him, to those who believed in his name, he gave the right to become children of God - Children born not of natural descent, nor of human decision but born of God" - John 1:12-13. As you study the Bible and learn how to discover its spiritual treasure you will realise the beautiful meaning of this statement. This spiritual treasure is stated in other words, in the Bible. But these are written that you may believe that Jesus is the Christ, the son of God, and that by believing you may have life in his name" - John 20:31.

*By :* ***Feby Binu***
*St. Antony's Unit*

# Beauty of Friendship

It is of great joy to have a friend.
To support me and give me strength.
To lift me up when I am down,
And cry with me and even frown.
To bring a ray of hope when my days are grey.
to lend me help and brighten up my day
To have someone to depend and some to trust.
A loyal person who would never fuss.

This is a heartful prayer for just a little wish,
A priceless relationship called
**"F R I E N D S H I P"**

By : **Angelina Sabu**
*St. Joseph Unit*

*Thanksgiving...*



## Novena To St. Jude

Most holy Apostle, St. Jude, faithful servant and friend of Jesus, the Church honors and invokes you universally, as the patron of difficult cases, of things almost despaired of, Pray for me, I am so helpless and alone. Intercede with God for me that He bring visible and speedy help where help is almost despaired of. Come to my assistance in this great need that I may receive the consolation and help of heaven in all my necessities, tribulations, and sufferings, particularly -
*(make your request here)*
- and that I may praise God with you and all the saints forever. I promise, O Blessed St. Jude, to be ever mindful of this great favor granted me by God and to always honor you as my special and powerful patron, and to gratefully encourage devotion to you.

Amen

*Inserted by :*
**Thoms Pallipadan,**
*St. Thomas Unit*





## JULY 2014

| SUN. | MON. | TUES. | WED. | THU. | FRI. | SAT. |
|---|---|---|---|---|---|---|
| | | **1**<br>Phil.1;12-18<br>Lk.10;38-42 | **2**<br>1Cor.15;31-34<br>Mt.14;22-33 | **3**<br>Eph.2;19-22<br>Jn.20;24-29 | **4**<br>Gala.2;15-18<br>Mk.5;21-24 | **5**<br>2Cor.2;12-17<br>Mk.1;40-45 |
| **6**<br>Is.1;21-31<br>1Cor.14;1-12<br>Lk.12;22-34 | **7**<br>2Cor.1;8-11<br>Jn.16;25-33 | **8**<br>Colo.2;20-23<br>Mt.11;1-6 | **9**<br>Rom.5;12-21<br>Mk.12;1-12 | **10**<br>2Pet.1;3-9<br>Jn.6;60-63 | **11**<br>1Pet.3;14-18<br>Mt.13;24-30 | **12**<br>Rom.7;7-13<br>Mk.12.38-44 |
| **13**<br>Is.2;1-5<br>1Cor.10;23-31<br>Lk.12;57-13;5 | **14**<br>Rom.11;30-35<br>Mt.12;33-37 | **15**<br>2Cor.5;1-7<br>Mk.4;21-25 | **16**<br>2Cor.1;3-17<br>Lk.11;24-28 | **17**<br>Rom.11;1-10<br>Mk.10;46-52 | **18**<br>Rom.13;1-6<br>Mi.22;15-22 | **19**<br>2Cor.11;1-6<br>Jn.7;14-24 |
| **20**<br>Is.5;8-20<br>1Cor.16;1-14<br>Lk.13;22-30 | **21**<br>2Cor.2;5-11<br>Mt.12;38-42 | **22**<br>Rom.13;7-10<br>Mk.1;29-34 | **23**<br>1Cor.7;17-24<br>Lk.16;9-17 | **24**<br>2Cor.4;1-6<br>Mt.23;13-22 | **25**<br>1Cor.4;6-15<br>Mt.20;20-28 | **26**<br>1Cor.7;8-16<br>Mt.1;1-16 |
| **27**<br>Act.15;12-20<br>1cor.1;9-16<br>Lk.14;7-14 | **28**<br>Gala.2;19-21<br>Jn.12;20-26 | **29**<br>1Cor.14;20-25<br>Jn.11;17-26 | **30**<br>1Thim.6;11-16<br>Jn.10;22-28 | **31**<br>1Cor.14;13-19<br>Jn.8;48-59 | | |

## AUGUST 2014

| SUN. | MON. | TUES. | WED. | THU. | FRI. | SAT. |
|---|---|---|---|---|---|---|
| **31**<br>Is29;19-24<br>1Thes2;1-12<br>Lk.17;11-19 | | | | | **1**<br>2Cor.10;3-11<br>Lk.12;4-12 | **2**<br>2Cor.6;14-18<br>Mk.2;1-12 |
| **3**<br>Is.4;2-6<br>2Cor.3;4-12<br>Lk.15;11-32 | **4**<br>2Cor1;3-7<br>Mt.9;35-10;1 | **5**<br>Jaco.4;1-7a<br>Lk.6;20-26 | **6**<br>Heb.12;18-29<br>Mt.17;1-9 | **7**<br>Jaco.1;2-8<br>Mk.11;12-14 | **8**<br>1Cor.15;1-11<br>Jn20;19-29 | **9**<br>Jaco.2;1-8<br>Lk.14;15-24 |
| **10**<br>Is.5;1-7<br>2Cor.7;1-11<br>Jn.9;1-12 | **11**<br>Phil.3;8-14<br>Mt.23;34-39 | **12**<br>Jaco.3;13-18<br>Lk.4;26-30 | **13**<br>2Cor.5;15-21<br>Mk.1;16-20 | **14**<br>Jaco.5;13-20<br>Mt.10;5-15 | **15**<br>Rom.16;17-27<br>Jn.2;1-12 | **16**<br>Jaco.4;13-17<br>Lk.9;49-56 |
| **17**<br>Is.9;13-21<br>2Cor.10;12-18<br>Mk.7;1-13 | **18**<br>Jaco.5;1-6<br>Lk.18;25-30 | **19**<br>Jaco.5;7-12<br>Mk.13;24-31 | **20**<br>2Cor.13;1-4<br>Mt.9;35-10;1 | **21**<br>Jaco.4;7b-12<br>Lk.!2;49-53 | **22**<br>Jaco.1;9-11<br>Mt.22;34-40 | **23**<br>2Thes.2;5-12<br>Mt.11;20-24 |
| **24**<br>Is22;15-22<br>2Cor.12;14-21<br>Lk.16;19-31 | **25**<br>2Thim3;10-17<br>Mk.4;26-34 | **26**<br>2Thim.4;1-6<br>Jn.4;27-38 | **27**<br>1Thim.6;17-21<br>Mt.7;15-20 | **28**<br>2Pet.1;10-15<br>Mt.5;13-19 | **29**<br>1Thes.4;1-8<br>Mk.10;35-45 | **30**<br>2Thes.2;1-4<br>Mk.13;3-13 |

# What should a Leader Look Like ?

**Not everyone wanted Jesus kind of Kingdom.**

"Where did this man get this wisdom and these miraculous powers ?" they asked. "Isn't he the carpenter's son"? - Mathew 13:54-55.

Important leaders, such as Presidents and Prime Ministers work hard to convey an impression of confidence and power. A leader, they assume, should look like a leader, and many of them hire an "image specialist" to learn how to look better. Wherever they go, press agents, body guards, loyal assistants and eager admirers follow them.

Matthew (gospel) depicts Jesus as a true leader - a King, in fact but one who broke stereotypes. Jesus had undeniable power. He could quieten an angry storm and even walk on the surface of a Sea. Yet he used that power compassionately, for the sake of others. to feed the hungry and heal the sick. He wasn't concerned about a powerful image.

The paradoxes of Jesus' style of leadership deepened as he neared Jerusalem, the capital city. He allowed one moment of public triumph, on the day we call Palm Sunday. Yet even then he rode not a chariot but a donkey colt. And a few days later he left his followers an enduring emblem; not a royal banner or a scepter, but an executioner's cross.

Could Jesus run a political office ? What kind of leader do people want today ?

By **Feby Binu**
*St. Anthony's*








With Best Compliments from :

# T. A. Devassy

A-702, Meridian CHS Ltd, Plot No. 25, 26 & 27,
Sector - 6, Nerul West, Navi Mumbai - 400 706.

Mob.: 98199 23438